# പതിനാലാം കേരള നിയമസഭ
## (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1430** **02.03.2017-ൽ മറുപടിയ്ക്ക്**

**കായിക്കര പാലം നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) തീരദേശ പഞ്ചായത്തുകളായ അഞ്ചുതെങ്ങിനെയും വക്കത്തെയും യോജിപ്പിക്കുന്ന കായിക്കരപാലം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;<br><br>ബി) പഞ്ചായത്ത്, റവന്യൂ അധികാരികൾ പാലം പണിക്കുള്ള സ്ഥലം അളന്ന് തിട്ടപ്പെടുത്തി നൽകിയോ എന്നും നിർമ്മാണം ആരംഭിക്കുവാൻ കഴിയുമോ എന്നും വ്യക്തമാക്കാമോ; | എ) & ബി) തീരദേശപഞ്ചായത്തുകളായ അഞ്ചുതെങ്ങിനെയും വക്കത്തെയും യോജിപ്പിക്കുന്ന കായിക്കര പാലം നിർമ്മിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 2013-ൽ 1935.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നബാർഡിന്റെ ധനസഹായ ത്തോടെ നടപ്പിലാക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി രൂപരേഖ തയ്യാറാക്കിയിരുന്നു. ടി പദ്ധതിയുടെ അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ഏറ്റെടുക്കേണ്ടതുള്ളതിനാൽ സ്ഥലം ഉൾപ്പെടുന്ന വക്കം, അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തുകൾക്ക് കത്ത് നൽകിയെങ്കിലും വിലകൊടുത്ത് വാങ്ങാനുള്ള ഫണ്ട് ഇല്ലായെന്ന് പഞ്ചായത്തുകൾ അറിയിച്ചു.<br><br>മേൽ പ്രവൃത്തിയുടെ നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ സർവ്വേ നമ്പരുകളും അവയുടെ വിസ്തീർണ്ണവും ഉൾക്കൊള്ളുന്ന കരട് സ്കെച്ചും ചിറയിൻകീഴ് തഹസീൽദാരിൽ നിന്ന് ഇപ്പോൾ ലഭിച്ചതനുസരിച്ച് വക്കം വില്ലേജിൽ നിന്ന് 20.396 ആർ സ്ഥലവും അഞ്ചുതെങ്ങ് വില്ലേജിൽ നിന്ന് 13.355 ആർ സ്ഥലവും ഏറ്റെടുക്കേണ്ടതുണ്ട്. ഏറ്റെടുക്കേണ്ട സ്ഥലങ്ങൾക്ക് കമ്പോളവില അനുസരിച്ച് 50,59,410/- രൂപ വേണ്ടിവരും. പാലത്തിന്റെ അപ്രോച്ച്റോഡിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് പാലം നിർമ്മാണം ഏറ്റെടുക്കുന്നതാണ്. |
| സി) വക്കം, ചെറുന്നിയൂർ, വെട്ടൂർ പഞ്ചായത്തുകളിലെ പരമ്പരാഗത മത്സ്യ തൊഴിലാളികൾക്കായി പണയിൽ കടവ്, പുത്തൻകടവ് എന്നിവിടങ്ങളിൽ ഫിഷ് ലാൻറിംഗ് സെന്ററുകൾ സ്ഥാപിക്കുമോ എന്ന് വ്യക്തമാക്കാമോ; | സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| ഡി) വക്കം പഞ്ചായത്തിൽ ആധുനിക മത്സ്യ മാർക്കറ്റ് അനുവദിക്കാമോ? | ഡി) വക്കം പഞ്ചായത്തിൽ KIIFB യുടെ ധനസഹായത്തോടെ 110 ലക്ഷം രൂപ അടങ്കലിൽ ഒരു ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി ധനവകുപ്പിന് അയച്ചിട്ടുണ്ട്. ഇതിന് അനുമതി ലഭിച്ചാൽ ടി പദ്ധതി നടപ്പാക്കുന്നതാണ്. |

സെക്ഷൻ ആഫീസർ